വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കപ്പെട്ട റോഡ് വർക്കിന്റെ ബിൽ കുടിശ്ശിക

138(832) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കപ്പെട്ട റോഡ് വർക്കിന്റെ ബില്ല് കൊടുക്കുവാൻ എത്ര നാളത്തെ കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ :

(ബി) ഇപ്പോൾ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ : കുടിശ്ശിക ഉണ്ടെങ്കിൽ 2011 മാർച്ച് 31-ന് മുമ്പ് കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കപ്പെട്ട റോഡ് വർക്കിന്റെ ബില്ല് കൊടുക്കാൻ വിവിധ ജില്ലകളിലായി 3 മാസം മുതൽ ഒന്നര വർഷം വരെയുള്ള കുടിശ്ശിക ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ വിവിധ ജില്ലകളിലായി 1 മാസം മുതൽ 5 മാസം വരെയുള്ള ബില്ലുകളാണ് തുക അനുവദിക്കുവാനായിട്ടുള്ളത്. 31-12-2010 വരെയുള്ള കുടിശ്ശിക നൽകുന്നതിനാവശ്യമായ ഫണ്ട് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2011 മാർച്ച് 31-ന് മുമ്പ് കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാലവർഷക്കെടുതി

139(833) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സി കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആശ്വാസം നൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മൊത്തം എത്രകോടി രൂപ ഇതിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കാലവർഷക്കെടുതി വിലയിരുത്താൻ എത്തിയ കേന്ദ്ര സംഘത്തിന് സംസ്ഥാന സർക്കാർ നാശനഷ്ടം സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്രകോടി രൂപയാണ് ദുരിതാശ്വാസമായി ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഇ) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നഷ്ട പരിഹാരമാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ;

(എഫ്) പ്രകൃതിക്ഷോഭംമൂലം കഴിഞ്ഞ 4 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി എന്നും കേന്ദ്രസർക്കാർ എത്ര രൂപ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആശ്വാസം നൽകുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡപ്രകാരം ആശ്വാസധനം അനുവദിച്ചിട്ടുണ്ട്. കാലവർഷക്കെടുതിയിൽ വീടുകൾ പൂർണ്ണമായും തകർന്നവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡപ്രകാരം അർഹമായ തുക വളരെ പരിമിതമായതിനാൽ സംസ്ഥാന വിഹിതമായി 65,000 രൂപ കൂടി അനുവദിച്ച് ആശ്വാസധനസഹായം 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ 10 കോടി രൂപ പ്രത്യേകമായി അനുവദിച്ചു. കൂടാതെ 2010-ൽ ഉണ്ടായ അസാധാരണമായ കാലവർഷക്കെടുതിയിൽ നാശനഷ്ടത്തിനിരയായവർക്ക് ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ ലഭ്യമായ തുകയ്ക്ക് പുറമെ 10 കോടി രൂപ സംസ്ഥാന സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്.

(ബി) കാലവർഷക്കെടുതിക്കിരയായവർക്ക് ആശ്വാസ ധനം നൽകുന്നതിനായി ഈ വർഷം ഇതുവരെ 135 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡപ്രകാരം 233.214 കോടി രൂപ നഷ്ടം കണക്കാക്കുകയും ഈ തുക ദുരിതാശ്വാസമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഇ) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇടിമിന്നൽ, കടൽക്ഷോഭം തുടങ്ങിയ ദുരന്തങ്ങളെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡ പ്രകാരം പ്രകൃതി ദുരന്തങ്ങളായി കണക്കാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ലഭ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും അഭ്യർത്ഥിച്ചു വരുന്നു.

(എഫ്) 2006-2007 വർഷം വെള്ളപ്പൊക്കംമൂലം 156.15 കോടി രൂപയുടെ നഷ്ടവും 2007-08 വർഷം വെള്ളപ്പൊക്കം, വേനൽമഴ എന്നിവമൂലം 791.29 കോടി രൂപയുടെ നഷ്ടവും 2009-10 വർഷം വെള്ളപ്പൊക്കംമൂലം 334.30 കോടി രൂപയുടെ നഷ്ടവും 2010-11 വർഷം വരൾച്ചമൂലം 164 കോടി രൂപയുടെ നഷ്ടവും വെള്ളപ്പൊക്കംമൂലം 233.214 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധിക ധനസഹായമായി കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും 2007-2008-ലെ വെള്ളപ്പൊക്കം, വേനൽമഴ എന്നിവ നേരിടുന്നതിന് 60.29 കോടി രൂപയും 2010-ലെ വരൾച്ച നേരിടുന്നതിനായി 19 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly